# അരുവപാറ സുനിൽ വധക്കേസിലെ രണ്ടു പ്രതികൾ അറസ്റ്റിൽ

അരുവപാറ സുനിൽ വധക്കേസിലെ രണ്ടു പ്രതികൾ അറസ്റ്റിൽ. കേസിലെ ഒന്നും മൂന്നും പ്രതികളാണ് പിടിയിലായത്. നെടുങ്ങപ്ര കൊച്ചങ്ങാടി കല്ലിടുമ്പിൽ അമലും 24 അരുവപ്പാറ മാലിക്കുടി വീട്ടിൽ ബേസിലുമാണ് 23 അറസ്റ്റിലായത്.

സംഭവം നടന്ന ഉടനെ മുങ്ങിയ പ്രതികൾ മൂന്നാർ, വട്ടവട, കോവില്ലൂർ, കോതമംഗലം, മുവാറ്റുപുഴ, തൃശ്ശൂർ, എന്നിവിടങ്ങളിൽ ഒളിവിൽ താമസിക്കുകയായിരുന്നു. കൂടാതെ വേങ്ങൂറിലെ മലകളിലും പാണിയേലി പോരിന് സമീപത്തെ ആനയിറങ്ങുന്ന ഉൾക്കാട്ടുകളിലും പ്രതികൾ ഒളിവിൽ പാർത്തിരുന്നു. കോതമംഗലം ഓടക്കാലി മലയിൽ ഇവർ ഒളിച്ചു പാർത്തിരുന്ന പാറക്കൂട്ടങ്ങളിൽ നിന്നാണ് ഇന്ന് പുലർച്ചെ സാഹസികമായി ഇവരെ കുറുപ്പംപടി CI ജെ കുര്യാക്കോസിന്റെ നിർദ്ദേശ പ്രകാരം എസ് ഐ പി എം ഷമീറും സംഘവും പിടികൂടിയത്. പ്രതികളെ കീഴ്പ്പെടുത്താനുള്ള ശ്രമത്തിൽ എസ് ഐക്ക് നിസ്സാര പരിക്കും പറ്റിയിട്ടുണ്ട്.

പ്രതികൾ നിരവധി ക്രിമിനൽ കൊട്ടേഷൻ കവർച്ച കേസുകളിൽ കൂട്ടുപ്രതികളാണ്. അങ്കമാലി പോലസ് സ്റ്റേഷനിൽ 2015ൽ ചെറുപ്പക്കാരനെ കൊലപ്പെടുത്തുവാൻ 50000 രൂപക്ക് കൊട്ടേഷൻ വാങ്ങി കാറ് കൊണ്ടു ഇടിച്ചു വീഴ്ത്തി വാൾകൊണ്ടു വെട്ടിവീഴ്ത്തി ഗുരുതര പരിക്കേൽപിച്ചതിന് പ്രതികൾക്കെതിരെ വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ കോതമംഗലം ഐരൂപ്പാടത്ത് കൊട്ടേഷൻ വാങ്ങി ആളുമാറി ഗുരുതര പരിക്കേൽപ്പിച്ചതിന് വധശ്രമത്തിനും രണ്ട് പ്രതികളും വിചാരണ നേരിടുകയാണ്. കൂടാതെ കുറുപ്പംപടി സ്റ്റേഷനിൽ നിരവധി അടിപിടി കേസുകളിലും പ്രതികളാണ്. ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്തതിൽ നിരവധി സംഭവങ്ങളിൽ പരാതിക്കാർ ഇല്ലാത്തതിന് ഇവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യാത്തതുമാണ്. ഒന്നാം പ്രതിക്കെതിരെ കാപ്പ നിയമപ്രകാരം പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് അയച്ചിട്ടുള്ളതുമാണ്.

പ്രതികളെ പിടികൂടിയ സംഘത്തിൽ എസ് ഐയെ കൂടാതെ SCPO മാരായ അബ്ദുൽ റസാഖ്, തങ്കച്ചൻ CPO മാരായ ഷിജിത്, സുധീർ എന്നിവരുമുണ്ടായിരുന്നു. കുന്നത്തുനാട് സി.ഐ ജെ കുര്യാക്കോസിന്റെ നേതൃത്വത്തിൽ SI പി.എം ഷമീർ, SI

സുരേഷ് ബാബു, SCPO അനിൽ എന്നിവരാണ് കേസ് അന്വേഷിക്കുന്നത്. പ്രതികളെ കോടതിയിൽ ഹാജരാക്കിയതിൽ 14 ദിവസത്തേക്ക് റിമാൻറ് ചെയ്തു.